ദേശീയ പട്ടികജാതി-പട്ടികവർഗ്ഗ ഫിനാൻഷ്യൽ കോർപ്പറേഷൻ നൽകിവരുന്ന സഹായങ്ങൾ

19 [*572] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ദേശീയ പട്ടികജാതി-പട്ടികവർഗ്ഗ ഫിനാൻഷ്യൽ കോർപ്പറേഷൻ നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി നാളിതുവരെ എന്തു തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ പട്ടികജാതി-പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കായി നടപ്പിലാക്കിവരുന്ന വിവിധ സ്വയം തൊഴിൽ പദ്ധതികൾക്കും കൃഷിഭൂമി വാങ്ങുന്നതിനുമായി ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷനും, ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷനും ധനസഹായം നൽകിവരുന്നു.

(ബി) ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷനിൽ നിന്ന് അവരുടെ പദ്ധതികൾ നടപ്പിലാക്കാൻ ഇതുവരെ 2456.96000 ലക്ഷം രൂപയും ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്ന് 4,13,000 രൂപയും ചെലവഴിച്ചിട്ടുണ്ട്.

ജലപാത ഡയറക്ടറേറ്റ് രൂപീകരണം

20 [*573] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലപാത ഡയറക്ടറേറ്റ് രൂപീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഡയറക്ടറേറ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഉണ്ട്.

(ബി) പ്രസ്തുത ഡയറക്ടറേറ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

1. ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന എല്ലാ ജലഗതാഗത പദ്ധതികളുടെയും മേൽനോട്ടം.

2. കേന്ദ്രസർക്കാരിന് സമർപ്പിക്കേണ്ട കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സൂക്ഷ്മ പരിശോധന.

3. കെ. ഡബ്ലിയു.എ.ഐ.-യുടെ നോഡൽ ഏജൻസിയായിട്ടുള്ള പ്രവർത്തനം.

LIBRARY ARCHIVES Kerala Legislative Assembly